# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്
## ഓഡിറ്റ് റിപ്പോർട്ട്
## 2014-15, 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ/എ.എൽ.പി/ബിപി/1167/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ

തീയതി.26.12.16

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പട്ടണക്കാട് ബ്ലോക്ക്പഞ്ചായത്ത് 2014-15,2015-16സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടണക്കാട് ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15,2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ലെ 3- ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/ബി.പി/1167/16 തീയതി.26.12.16

<u>ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15,2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15,2015-16സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 25.06.2015മുതൽ 20.09.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ഷീല ഉബാൾഡ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.2016 മുതൽ 30.09.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സുരേഷ്.എസ്സ്,ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പുഷ്പരാജ്.വികെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രഞ്ജു പ്രകാശ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ദിലീപ് കണ്ണാടൻ | 01.04.2014 മുതൽ 31.10.2015 വരെ |
| | ശ്രീമതി.വത്സലാ തമ്പി | 1.11.2015 മുതൽ 28.02.2016 വരെ |
| | ശ്രീ.സി.റ്റി.വിനോദ് | 29.02.2016 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ.പി.ആർ.വിജയകമാർ | 01.04.2014 മുതൽ 31.5.2015വരെ |
| | ശ്രീ.പി.വിജയകുമാർ | 1.06.2015 മുതൽ 14.06.2015 വരെ |

| | | |
|---|---|---|
| | ശ്രീമതി.ഷെൽബി. എം.കുരുവിള | 15.06.2015 മുതൽ 25.06.15 വരെ |
| | ശ്രീ.പി.വിജയകുമാർ | 26.06.2015 മുതൽ 2.08.2015 വരെ |
| | ശ്രീ.രാജൻ നായർ .എം.പി | 3.08.2015 മുതൽ 11.2.2016 വരെ |
| | ശ്രീമതി.ഷെൽബി.എം.കുരുവിള | 12.02.16 മുതൽ 21.02.16 വരെ |
| | ശ്രീ.ഡി.പ്രസന്നൻ പിള്ള | 22.02.16 മുതൽ 31.03.2016 വരെ |
| സ്റ്റാൻഡിംഗ് കമ്മിറ്റി | | |
| ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | ശ്രീമതി.ഉഷാ അഗസ്റ്റീൻ | 01.04.2014 മുതൽ 31-10-2015 വരെ |
| | ശ്രീ.സി.റ്റി.വിനോദ് | 4.12.2015 മുതൽ 31.03.2016 വരെ |
| വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | ശ്രീ.കെ.ജി.ഷാജി | 01.04.2014 മുതൽ 31-10-2015 വരെ |
| | ശ്രീമതി.ശ്രീജ.ഏ.റ്റി | 4.12.2015 മുതൽ 31.03.2016 വരെ |
| ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി | അഡ്വ.റ്റി.എച്ച്.സലാം | 01.04.2014 മുതൽ 31-10-2015 വരെ |
| | ശ്രീമതി.ഹേമാ ദാമോദരൻ | 4.12.2015 മുതൽ 31.03.2016 വരെ |
| ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | ശ്രീമതി.മേരിക്കുട്ടി ബെനഡിക്ട് | 01.04.2014 മുതൽ 31-10-2015 വരെ |
| | ശ്രീ.വി.കെ.ഗൗരീശൻ | 4.12.2015 മുതൽ 31.03.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽഓഫീസർ(അലോപ്പതി) | ഡോ.റൂബി.ആർ | 1.04.2014 മുതൽ 31.03.2016 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.എൻ.ജയശ്രീ | 01.04.14 മുതൽ 24.07.15 വരെ |
| | ശ്രീമതി.ഷീലാമ്മ.പി.എക്സ്, | 25.07.14 മുതൽ |

| | | |
|---|---|---|
| | ഐ.സി.ഡി.എസ് സൂപ്പർവൈസർ (അഡീഷണൽ ചാർജ്ജ്) | 22.08.15 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.മേരി.റ്റി.എ(“) | 23.08.15 മുതൽ 5.01.16 FN വരെ |
| | ശ്രീമതി.വത്സമ്മ.പി.സി(“) | 5.01.16 AN മുതൽ 2.03.16 FN വരെ |
| | ശ്രീമതി.ലേഖ.വി | 2.3.16 AN മുതൽ 31.03.16 വരെ |
| പട്ടിക ജാതി വികസന ഓഫീസർ (ഗ്രേഡ്I) | ശ്രീമതി.പി.ഷിബി ചക്രവർത്തി | 01.04.14 മുതൽ 31.03.16 വരെ |
| | ശ്രീമതി.മായാ ഗോപിദാസ് | 01.04.14 മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീമതി.ലാലി | 01.04.14 മുതൽ 31.1.15 വരെ |
| | സാറാ.റ്റി.ജോൺ | 01.02.15 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | കെ.ദിനേശൻ | 01.04.14 മുതൽ 31.08.2015 വരെ |
| | ശിവൻകുട്ടി.എം.റ്റി | 01.09.15 മുതൽ 31.03.16 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | സാമ്പത്തിക വിശകലനം |

| | | |
|---|---|---|
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തനത് വരുമാനം. |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 3-1 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണം നല്കൽ - ട്രൈസൈക്കിൾ വിതരണം ചെയ്യാതവശേഷിക്കുന്നു |
| 12 | 3-2 | തുറവൂർ ഗ്രാമപഞ്ചായത്തിലെ കരിശിങ്കൽപ്പറമ്പ്- കളരിക്കൽ ക്ഷേത്രം കാന നിർമ്മാണം- കൺവീനർക്ക് അധികം തുക അനുവദിച്ചു. |
| 13 | 3-3 | കാന നിർമ്മാണപ്രവർത്തികളിൽ വെയറിംഗ് കോട്ടിന് കൂടുതൽ കനം നൽകി അധികച്ചെലവ് വരുത്തി |
| 14 | 3-4 | DAR-ൽ ഉൾപ്പെട്ട ഇനങ്ങൾക്ക് ഒബ്സർവ്ഡ് ഡേറ്റാ പ്രകാരം തുക അനുവദിച്ചു |
| 15 | 3-5 | സ്പന്ദനം -പഞ്ചായത്തുതല മന്തുരോഗികളുടെ ഗ്രൂപ്പിന് ഫസ്റ്റ് എയ്ഡ് മെഡിക്കൽ കിറ്റ് നൽകൽ (S0018/15 )- പ്ലാസ്റ്റിക് കണ്ടെയ്നർ നൽകിയത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം |
| 16 | 3-6 | വയോജനങ്ങൾക്കായുള്ള ആയുർവേദ മരുന്നു വാങ്ങൽ (S0030/15) |
| 17 | 3-7 | തുറവൂർ ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവൃത്തികൾ (S0108/16) – മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 3.3 ലക്ഷം രൂപ അനുവദിച്ചു. |
| 18 | 3-8 | ഇന്ധനം നിറച്ചത് പൂർണ്ണമായും ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല - അധിക തുക ചെലവഴിച്ചു |

| | | |
|---|---|---|
| 19 | 3-9 | സർക്കാർ നിർദ്ദേശങ്ങൾക്ക വിരുദ്ധമായി 5 ലക്ഷം രൂപയിൽ താഴെയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് |
| 20 | 3-10 | വയലാർ ഗ്രാമപഞ്ചായത്ത് വാർഡ് -8 ജോയ് ഭവൻ പുതുവൽ നികർത്ത് റോഡ് മെറ്റലിംഗും ടാറിംഗും - കരാറുകാരന് അധികം തുക നൽകി |
| 21 | 3-11 | വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങൽ- മരുന്നുകൾ പൂർണമായും ലഭിച്ചില്ല |
| 22 | 3-12 | വിഭിന്നശേഷിയുള്ള പഠിതാക്കൾക്ക് സ്കോളർഷിപ്പ്- വിതരണ രേഖകളില്ല. തുക തടസ്സപ്പെടുത്തുന്നു |
| 23 | 3-13 | പട്ടണക്കാട് പഞ്ചായത്തിലെ 17,19 വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- പദ്ധതി പൂർത്തീകരിച്ചില്ല തുക തടസ്സപ്പെടുത്തുന്നു. |
| 24 | 3-14 | കേരളോത്സവം അടങ്കലിനേക്കാൾ കൂടിയ തുക ചെലവഴിച്ചു;പ്രൊക്യൂർമെന്റ് മാനുവലിലെ നിബന്ധനകൾ ലംഘിച്ചു |
| 25 | 3-15 | തുറവൂർ ഗ്രാമപഞ്ചായത്ത് വാർഡ്-2 ൽ അറക്കൽ കലുങ്ക് നിർമ്മാണം - കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല |
| 26 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 27 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 28 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 29 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 30 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 31 | 4-6 | ഓഡിറ്റ് റിക്കവറി |
| 32 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 33 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |

| | | |
|---|---|---|
| 34 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 25.02.2014 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 551824326/- രൂപയും പ്രതീക്ഷിത ചെലവുകൾ 544726500/- രൂപയും ആണ്. 2015-16വർഷത്തെ ബജറ്റ് 21.03.2015 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 242598358/-രൂപയും പ്രതീക്ഷിത ചെലവുകൾ 187800492 രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

2014-15

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 ജൂലൈ-2015 | | --- | ------ |

2015-16

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 ജൂലൈ-2016 | | --- | ------ |

## 1-3 സാമ്പത്തിക വിശകലനം

2014-15

മുന്നിരിപ്പ് - 70302229

വരവ് -135233976

ആകെ -205536205

ചെലവ് -136410560

നീക്കിയിരിപ്പ്-69125645

2015-16

മുന്നിരിപ്പ് - 69125645

വരവ് -141778821

ആകെ -210904466

ചെലവ് -146282157

നീക്കിയിരിപ്പ്-64622309

## 1-4 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 982724 | 32593210 | 33575934 | 29756397 | 3819537 | 88.6 |
| വികസനഫണ്ട് എസ്.സി.പി. | 2568392 | 13381350 | 15949742 | 13400690 | 2549052 | 84 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | - | 342000 | 342000 | 52000 | 290000 | 15 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 7280513 | 7280513 | 3638378 | 3642135 | 49.9 |

2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3819537 | 28873800 | 32693337 | 32693337 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 2549052 | 14604672 | 17153724 | 17153724 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 290000 | 452000 | 742000 | 742000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3642135 | 3610365 | 7252500 | 7252500 | 0 | 100 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

2014-15

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 87 | 57615629 | 77 | 47347465 | 10 | - | 82.17 |

2015-16

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 100 | 61298364 | 91 | 57841561 | 7 | 2 | 94.36 |

## 1-6 തനത് വരുമാനം.

ഓഡിറ്റ് വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന് പരിഗണനീയമായ അളവിൽ തനതു വരുമാനം ഉണ്ടായിരുന്നില്ല.

## 1-7 ക്ഷേമപദ്ധതികൾ

---ഇല്ല---

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-09-16 3 പി.എം. ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസത്തെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുപ്രകാരം ജോലി ക്രമപ്പെടുത്തി നൽകിയിട്ടുണ്ട്. രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തിയിട്ടുണ്ട്. ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.09.2015 | 1-4-14 മുതൽ 31-3-15 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.2014 | 2009-10 മുതൽ 2012-13 വരെ | 10-03-2014 |

ഭാഗം-2

വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണം

---ഇല്ല--

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഭിന്നശേഷിയുള്ളവർക്ക് ഉപകരണം നല്കൽ - ട്രൈസൈക്കിൾ വിതരണം ചെയ്യാതവശേഷിക്കുന്നു

നിർവ്വഹണം :- ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ
പ്രോജക്റ്റ് നം.എസ്.0034/15

പ്രോജക്റ്റിന്റെ പേര്: ഭിന്നശേഷിയുള്ളവർക്ക് ഉപകരണം നല്കൽ

അടങ്കൽ: വികസന ഫണ്ട് - 450000/- രൂപ

ചെലവ്: 409000/- രൂപ (ട്രഷറി ബിൽ നം.3/2014-15 തീയതി.26.03.2015)

മേൽ പദ്ധതി പ്രകാരം ഭിന്നശേഷിയുള്ള 6 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 2014-15 സാമ്പത്തിക വർഷം അത്തരിലുള്ള കെൽട്രോണിൽ നിന്നും 6 ട്രൈസൈക്കിൾ വാങ്ങിയിരുന്നു.ഇതിന്റെ വിലയായി 409000/- രൂപ 3.07.2015-ലെ 137027 നമ്പർ ഡി.ഡി പ്രകാരം കെൽട്രോണിന് നല്കിയിട്ടുണ്ട്.

| | | |
|---|---|---|
| ട്രൈസൈക്കിളിന്റെ വില | 67500 X 6 | 405000 |
| ട്രാൻസ്പോർട്ടേഷൻ ചാർജ് | | 4000 |
| ആകെ | | 409000 |

ഇതിൽ 5 ട്രൈസൈക്കിൾ മാത്രമെ വിതരണം ചെയ്തിട്ടുള്ളൂ. അവശേഷിക്കുന്ന 1 ട്രൈസൈക്കിൾബ്ലോക്ക് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിട്ടുള്ളതായി ഭൗതിക പരിശോധനയിൽ കണ്ടു.



വിതരണം ചെയ്യാതിരുന്നതിന്റെ കാരണം അന്വേഷിച്ചു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1

തീ.24.09.2016) സി.ഡി.പി.ഒ നല്കിയ മറുപടിയിൽ സുന്ദരൻ, വല്യാനത്ത് നികർത്തിൽ കുത്തിയതോട് ഗ്രാമ പഞ്ചായത്ത് വാർഡ്-15 എന്ന വ്യക്തിക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും ട്രൈസൈക്കിൾ നല്കിയിരുന്നില്ലായെന്ന് സെക്രട്ടറി നല്കിയ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താവായി ഉൾപ്പെടുത്തിയിരുന്നതെന്നും എന്നാൽ വാഹനത്തിന്റെ താത്കാലിക രജിസ്ട്രേഷൻ നടപടികൾ നടന്നു കഴിഞ്ഞപ്പോഴാണ് ടിയാൾക്ക് ആനുകൂല്യം നല്കിയ വിവരം ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചതെന്നും പറഞ്ഞിരിക്കുന്നു. താത്കാലിക രജിസ്ട്രേഷൻ ടിയാളുടെ പേരിൽ നിന്നും മാറ്റിയാൽ മാത്രമെ ഇനി മറ്റൊരാൾക്ക് ടി വാഹനം നല്കാൻ കഴിയുകയുള്ളുവെന്നും അറിയിച്ചു. ടി വാഹനം ഉപയോഗശൂന്യമായിത്തീരുന്നതിന് മുൻപ് അർഹതയുള്ള ഒരു ഗുണഭോക്താവിന് വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിതരണം ചെയ്യാതവശേഷിക്കുന്ന വാഹനത്തിന്റെ വില 67500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 തുറവൂർ ഗ്രാമപഞ്ചായത്തിലെ കുരിശിങ്കൽപ്പറമ്പ്- കളരിക്കൽ ക്ഷേത്രം കാന നിർമ്മാണം- കൺവീനർക്ക് അധികം തുക അനുവദിച്ചു.

തുറവൂർ ഗ്രാമപഞ്ചായത്തിലെ കുരിശിങ്കൽപ്പറമ്പ്- കളരിക്കൽ ക്ഷേത്രം കാന നിർമ്മാണത്തിന്റെ ഗുണഭോക്തൃകമ്മിറ്റി അംഗീകരിച്ച കണക്കുകൾ പ്രകാരം ടി പ്രവർത്തിക്ക് 4600 കിലോഗ്രാം കമ്പിയാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന് 4600 കിലോഗ്രാം കമ്പി നൽകിയതിന് 60 രൂപ നിരക്കിൽ 276000/- രൂപ കൈപ്പറ്റിയതിന് സോമി ജോസഫ് എന്നയാളുടെ രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അളവു പുസ്തകം 35/14-15 ൽ 5648 കിലോഗ്രാം ഉപയോഗിച്ചതായി രേഖപ്പെടുത്തി 53 ക്വിന്റലിൽ ക്ലിപ്തപ്പെടുത്തി 6332/qtl നിരക്കിൽ 335596 /- രൂപ കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്. ഗുണഭോക്തൃകമ്മിറ്റി വാങ്ങിയ കമ്പിയുടെ അളവിനേക്കാളും കൂടുതൽ അളവ്, അളവു പുസ്തകത്തിൽ രേഖപ്പെടുത്തി തുക അനുവദിച്ചത് ഗുരുതരമായ വീഴ്ചയാണ്. കൺവീനർ ഉപയോഗിച്ച കമ്പിയേക്കാളും കൂടുതൽ അളവിന് തുക അനുവദിച്ചതു വഴിയുള്ള നഷ്ടത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു.

അധികം നൽകിയ അളവ് ______ 53 - 46 = 7 ക്വിന്റൽ @6332 = 44324/- രൂപ

ടി തുക അളവു രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

അളവു പുസ്തകം - 35/14-15

കൺവീനർ - വിജയൻ,നികർത്തിൽ

ചെലവുവിവരം - ബിൽ നം - 38/2014-15 തീയതി 30-03-15

ബിൽ നം - 04/2015-16 തീയതി 20-07-15

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 3-3 കാന നിർമ്മാണപ്രവർത്തികളിൽ വെയറിംഗ് കോട്ടിന് കൂടുതൽ കനം നൽകി അധികച്ചെലവു വരുത്തി

താഴെപ്പറയുന്ന കാന നിർമ്മാണ പ്രവർത്തികളിൽ കാനയുടെ ബെഡ് 1:4:8 സിമന്റ് കോൺക്രീറ്റിംഗിൽ നിർമ്മിച്ചതിനു പുറമേ Wearing coat (1:2:4 സിമന്റ് കോൺക്രീറ്റ് ) ചെയ്തപ്പോൾ കൂടുതൽ കനം നൽകിയിരിക്കുന്നു. വെയറിംഗ് കോട്ടായി 1:2:4 സിമന്റ് കോൺക്രീറ്റ് 5 cm കനം നൽകുന്നതിന് പകരം 10 മുതൽ 15 cm വരെ കനത്തിൽ നൽകിയിരിക്കുന്നു.

| പ്രവർത്തി | കാനയുടെബെഡ് നിർമ്മിച്ചിരിക്കുന്ന കനം (1:4:8 cc) | Wearing coat (1:2:4സിമന്റ് കോൺക്രീറ്റ് ) കനം |
|---|---|---|
| രാമനെഴത്ത് പുരയിടം- ദേശത്തോട് കാനനിർമ്മാണം -കുത്തിയതോട് ഗ്രാമപഞ്ചായത്ത് | 10 cm | 10 cm |
| കൈത്തറ മുതൽ നെൽപ്പുര പ്പറമ്പ് വരെ കാന നിർമ്മാണം - അരൂർ ഗ്രാമപഞ്ചായത്ത് | 15 cm | 10cm |

| | | |
|---|---|---|
| കുരിശിങ്കൽപ്പറമ്പ്- കളരിക്കൽ ക്ഷേത്രം കാന നിർമ്മാണം-തുറവൂർ ഗ്രാമപഞ്ചായത്ത് | 15 cm | 15 cm |

കൂടുതൽ കനത്തിൽ വെയറിംഗ് കോട്ട് നൽകിയിത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | കാനയുടെ ബെഡ് നിർമ്മിച്ചിരിക്കുന്ന വീതി | ഇരുപാർശ്വ ഭിത്തികളുടെയും ആകെ വീതി | വെയറിംഗ് കോട്ട് നൽകേണ്ട വീതി (2)-(3) | വെയറിംഗ് കോട്ടിന് വരുന്ന അളവ് | കോളം 4-ലെ വീതിയിൽ വെയറിംഗ് കോട്ടിന് അനുവദിച്ചിരിക്കുന്ന അളവ് | അധികം (6)-(5) (@68.50/ 10dm3) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| രാമനെഴത്ത് പുരയിടം-ദേശത്തോട് കാന നിർമ്മാണം -കുത്തിയതോട് ഗ്രാമ പഞ്ചായത്ത് | 93.80.മീ നീളം 0.90 മീ<br>47.മീ നീളം 1 മീ | 0.24<br>(2x0 .12) | 93.80.മീ നീളം 0.66മീ<br>47മീ നീളം 0.76 മീ | 93.80x0.66x 0.05= 3.095<br>47x 0.76 x 0.05 =1.786 ആകെ 4.881 $m^3$ | 93.80x0.66x 0.10= 6.191<br>47 x 0.76 x 0.10=3.572 ആകെ 9.763 $m^3$ | 4.882 $m^3$<br>33441 |
| കൈത്തറ മുതൽ നെൽപ്പുരപ്പറമ്പ് വരെ കാന നിർമ്മാണം - അരൂർ ഗ്രാമ പഞ്ചായത്ത് | 17.മീ നീളം 1.50 മീ<br>32.50.മീ നീളം 1.30മീ | 0.30 (2x0.15) | 17 മീ നീളം 1.20മീ<br>32.50.മീ നീളം 1.മീറ്റർ | 17x1.20x0.05 = 1.02 $m^3$<br>32.5x1x0.05 = 1.625 $m^3$<br>ആകെ 2.645$m^3$ | 17x1.20x0.10 = 2.04$m^3$<br>32.5x1x0.10 = 3.25 m3<br>ആകെ 5.29$m^3$ | 2.645 $m^3$<br>18118/- |
| കുരിശിങ്കൽപ്പറമ്പ്-കളരിക്കൽ ക്ഷേത്രം കാന നിർമ്മാണം-തുറവൂർ ഗ്രാമ പഞ്ചായത്ത് | 80.മീ നീളം 1.40മീ | 0.40 (2x0,20) +0.20 (offset) | 80.മീ നീളം 0.80മീ | 80x0.80x0.05 = 3.2 $m^3$ | 80 x 0.80 x 0.15 = 9.60 $m^3$ | 6.4 $m^3$<br>43840 |
| ആകെ | | | | | | 95399 |

ഏറെ ചതുപ്പും ചെളിയുമുള്ള പ്രദേശത്ത് 10cm കനത്തിൽ പി.സി.സി ചെയ്യുമ്പോഴുള്ള പരിമിതികളും പരിസര പ്രദേശത്തെ കുടിവെള്ളസ്രോതസുകളിലേക്ക് മലിന ജലം കലരാതിരിക്കുന്നതിനുമാണ് 10cm കനത്തിൽ വെയറിംഗ് കോട്ട് നൽകിയിരിക്കുന്നതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്. കാനയിലൂടെയുള്ള ഒഴുക്ക് സുഗമമാക്കുന്നതിന് വേണ്ടിയാണ് വെയറിംഗ് കോട്ട് നൽകുന്നത്. ഇതിന് 5cm കനം മതിയാകും. അതിനാൽ കൂടുതൽ കനത്തിൽ വെയറിംഗ് കോട്ട് ചെയ്തു എന്ന രേഖപ്പെടുത്തി അധികം ചെലവഴിച്ച 95399/- രൂപ തടസ്സപ്പെടുത്തുന്നു. യഥാർത്ഥത്തിൽ 5 cm ൽ കൂടുതൽ കനത്തിൽ വെയറിംഗ് കോട്ട് ചെയ്തിട്ടുണ്ടോ എന്ന് അന്വേഷണം നടത്തുന്നതിന് ഭരണ വകുപ്പിനോട് ശുപാർശചെയ്യുന്നു. മറ്റു വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | അളവു പുസ്തകം | കൺവീനർ | ചെലവു വിവരം |
|---|---|---|---|
| രാമനെഴത്ത് പുരയിടം-ദേശത്തോട് കാന നിർമ്മാണം -കുത്തിയതോട് ഗ്രാമപഞ്ചായത്ത് | 11/14-15 | കൃഷ്ണകുമാർ, ഈഴേത്തുപറമ്പ് | ബിൽ നം.15/14-15 തീയതി 20-02-15<br>ബിൽ നം.34/14-15 തീയതി 30-03-15 |

| | | | |
|---|---|---|---|
| കൈത്തറ മുതൽ നെൽപ്പുരപ്പറമ്പ് വരെ കാന നിർമ്മാണം - അത്തൂർ ഗ്രാമപഞ്ചായത്ത് | 23/14-15 | അഗസ്റ്റ്യൻ ജോബി ,കായിത്തറ | ബിൽ നം.26/14-15 തീയതി 24-03-15 |
| കുരിശിങ്കൽപ്പറമ്പ്-കളരിക്കൽ ക്ഷേത്രം കാന നിർമ്മാണം- ഉറവൂർ ഗ്രാമപഞ്ചായത്ത് | 35/14-15 | വിജയൻ , നികർത്തിൽ | ബിൽ നം.38/14-15 തീയതി 30-03-15<br>ബിൽ നം.04/15-16 തീയതി 20-07-15 |

## 3-4 DAR-ൽ ഉൾപ്പെട്ട ഇനങ്ങൾക്ക് ഒബ്സർവ്ഡ് ഡേറ്റാ പ്രകാരം തുക അനുവദിച്ചു

ചീഫ് എഞ്ചിനീയറുടെ 13-02-2014 ലെ ഡി.ബി-3/6512/2013/W/തസ്വഭവ സർക്കുലർ പ്രകാരം DAR -ൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു ഇനത്തിന്റെ നിരക്ക് ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഒബ്സർവ്ഡ് ഡേറ്റ തയ്യാറാക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ DAR-ൽ ഉൾപ്പെട്ട ഇനങ്ങൾക്കും ഒബ്സർവഡ് ഡേറ്റ തയ്യാറാക്കി കൂടിയ നിരക്ക് നിശ്ചയിച്ച് തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | DAR ഐറ്റം നം. | ഐറ്റം | DAR പ്രകരമുള്ള നിരക്ക് (BRxCI) | ഒബ്സർവ്ഡ് ഡേറ്റാ തയ്യാറാക്കി നിശ്ചയിച്ച നിരക്ക് |
|---|---|---|---|---|
| 1 | 2.2.1 | Earth work in rough excavation, banking excavated earth in layers not exceeding 20 cm in depth, breaking clods, watering, rolling each layer with ½ tonne roller or wooden or steel rammers, and rollingevery 3rd and top-most layer with power roller of minimum 8 tonnes and dressing up in embankments for roads, flood banks, marginal banks and guide banks or filling up ground depressions, lead upto 50<br>m and lift upto 1.5 m : | 558.22/1m$^3$<br>(383.1x1.4571) | 1024.85/1m$^3$ |
| 2 | 16.3.9 | Good Earth | 467.58/1m$^3$<br>(320.9x1.4571) | 1225/m$^3$ |

2015-16 വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡുനിർമ്മാണ പ്രവൃത്തികളിൽ മേൽ ഇനങ്ങൾക്ക് ഒബ്സർവ്ഡ് ഡേറ്റാ പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിരിക്കുന്നത്.

DAR-ൽ ഉൾപ്പെട്ട ഇനത്തിന് ഒബ്സർവ്ഡ് ഡേറ്റ തയ്യാറാക്കി കൂടിയ നിരക്ക് നല്കുന്ന പ്രവണത പുന:പരിശോധിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.11 തീ.29.09.2016).

## 3-5 സ്പന്ദനം -പഞ്ചായത്തുതല മന്തുരോഗികളുടെ ഗ്രൂപ്പിന് ഫസ്റ്റ് എയ്ഡ് മെഡിക്കൽ കിറ്റ് നൽകൽ (S0018/15 )- പ്ലാസ്റ്റിക് കണ്ടെയ്നർ നൽകിയത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

ഫൈലേറിയ രോഗികളുടെ കാലിന് പതിവായി Adenolymphagetis ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന് കൃത്യമായ ഫുട്ട് കെയർ ആവശ്യമാണ്. ഫുട്ട് കെയറിന് ആവശ്യമായ ആന്റിസെപ്റ്റിക് കിറ്റ് ഇവർക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടാണിത്. ഇതിന് 197339 /- രൂപ (ബിൽ നം 6/14-15 തീയതി 15-12-14) ചെലവഴിച്ചിട്ടുണ്ട്. 140 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. ഫുട്ട് കെയറിന് ആവശ്യമായ മരുന്നുകളും ഫുട്ട് ക്ലീനിംഗ് ബ്രഷും 325 രൂപ (@310 +VAT 5%) വില വരുന്ന പ്ലാസ്റ്റിക് കണ്ടെയ്നറും ഉൾപ്പെടുന്ന കിറ്റാണ് വിതരണം ചെയ്തിരിക്കുന്നത്. ജി. ഒ (എം.എസ് )362/2013 തസ്വഭവ തീയതി 16-11-13 -ാം നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക XIV പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ പ്രത്യേകം അനുവദിച്ചിട്ടുള്ളതൊഴികെ വ്യക്തികൾക്കും കുടുംബങ്ങൾക്കും വസ്തുക്കളോ ആസ്തികളോ ധനസഹായമോ നൽകുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുവാൻ പാടില്ല. പ്രസ്തുത സബ്സിഡി മാർഗ്ഗരേഖയിൽ ടിയിനം ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ഫുട്ട് കെയറിന് ആവശ്യമായ മരുന്നുകളും ഫുട്ട് ക്ലീനിംഗ് ബ്രഷും ഒഴികെ ആന്റിസെപ്റ്റിക് കിറ്റിൽ ഉൾപ്പെടുത്തി പ്ലാസ്റ്റിക് കണ്ടെയ്നർ നൽകിയത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

ആന്റിസെപ്റ്റിക് കിറ്റിൽ ഉൾപ്പെടുത്തിയ ആറിനം മരുന്നുകളും കോട്ടണും ബാൻഡേജും ദീർഘകാലം ഉപയോഗിക്കേണ്ടതു കൊണ്ടാണ് പ്ലാസ്റ്റിക് കണ്ടെയ്നറിലാക്കി നൽകിയതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനം സാധനങ്ങൾ വിതരണം ചെയ്യാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

140 പ്ലാസ്റ്റിക് കണ്ടെയ്നറും ഫുട്ട് ക്ലീനിംഗ് ബ്രഷും SIDCO ൽ നിന്നും ടെണ്ടറോ ക്വട്ടേഷനോ ക്ഷണിക്കാതെ നേരിട്ട് വാങ്ങിയതിന് 58,800/- രൂപ ചെലവഴിച്ചിട്ടുണ്ട് (ചെലവു വിവരം - ബിൽ നം -6/14-15 തീയതി 15-12-14). ഇവ വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി സിഡ്കോയെ തെരെഞ്ഞെടുത്തിട്ടില്ല. അതിനാൽ ടെണ്ടറോ ക്വട്ടേഷനോ ക്ഷണിക്കാതെ നേരിട്ട് വാങ്ങിയ നടപടി ശരിയല്ല. പ്രൊക്യൂവർമെന്റ് മാന്വൽ അനുസരിച്ച് വാങ്ങൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 വയോജനങ്ങൾക്കായുള്ള ആയുർവേദ മരുന്നു വാങ്ങൽ (S0030/15)

378500/- രൂപ ചെലവഴിച്ച് ഔഷധിയിൽ നിന്നും വയോജനങ്ങൾക്കായുള്ള ആയുർവേദ മരുന്നു വാങ്ങി ബ്ലോക്ക് പഞ്ചായത്തിൻ കീഴിൽ വരുന്ന വിവിധ ഗ്രാമപഞ്ചായത്തുകളിലെ സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ വഴി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ പര്യാപ്തമായ രീതിയിൽ ലഭിക്കുന്നില്ലെങ്കിൽ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് അവയുടെ നിയന്ത്രണചുമതലയുള്ള തദ്ദേശഭരണസ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകാവുന്നതാണ്. ഗവ. ആയുർവേദ ഡിസ്പെൻസറികൾ ഗ്രാപഞ്ചായത്തിന്റെ നിയന്ത്രണചുമതലയിലുള്ളതായതിനാൽ ഇതിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങേണ്ടത് ഗ്രാപഞ്ചായത്താണ്. 5% പദ്ധതി തുക വയോജനങ്ങൾക്കായി നീക്കി വെക്കണം എന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രോജക്ട് നടപ്പിലാക്കിയത് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്. ഇതേ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്നതിനാലും ഗവ. ആയുർവേദ ഡിസ്പെൻസറികൾ ഗ്രാപഞ്ചായത്തിന്റെ നിയന്ത്രണചുമതലയിലുള്ളതായതിനാലും വയോജനങ്ങൾക്കായി മറ്റു പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ചെലവു വിവരം - ബിൽ നം 11/14-15 തീയതി 05-03-15.

## 3-7 തുറവൂർ ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവൃത്തികൾ (S0108/16) - മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 3.3 ലക്ഷം രൂപ അനുവദിച്ചു.

നിർവ്വഹണം- മെഡിക്കൽ ഓഫീസർ, CHC തുറവൂർ

പുതിയ ഒ.പി ബ്ലോക്കിൽ ഫാബ്രിക്കേഷൻ വർക്ക്, കർട്ടൻ വർക്ക്, നിലവിലെ ഒ.പി ബ്ലോക്കിൽ ഫാബ്രിക്കേഷൻ വർക്ക്, ഏ.സി, കമ്പ്യൂട്ടർ വാങ്ങൽ മുതലായ പ്രവൃത്തികൾ ചെയ്യുന്നതിന് മേൽ പ്രോജക്ട് ലക്ഷ്യമിടുന്നു. ഇതിൽ നിലവിലെ ഒ.പി ബ്ലോക്കിന്റെ ഫാബ്രിക്കേഷൻ വർക്കുകളും മറ്റ് അറ്റകുറ്റപ്പണികളും ചെയ്യുന്നതിനായി പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി എസ്റ്റിമേറ്റ് അനുസരിച്ച് ടെണ്ടർ ചെയ്തുവെങ്കിലും ഒറ്റ ടെണ്ടർ മാത്രം ലഭിച്ചതിനാൽ റീടെണ്ടർ ചെയ്തു. റീടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാളും 4.1% കുറവു രേഖപ്പെടുത്തിയ എബി.കെ.എബ്രഹാം, കാക്കരവെളി, തുറവൂർ എന്നയാളുടെ ടെണ്ടർ സ്വീകരിച്ചു. ടിയാനുമായി നെഗോഷ്യയേഷൻ നടത്തിയതനുസരിച്ച് 4.4% കുറഞ്ഞ നിരക്കിൽ പ്രവൃത്തി ചെയ്യുവാൻ സമ്മതിക്കുകയും പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ചെയ്ത പ്രവൃത്തിയുടെ അളവ് ,അളവു പുസ്തകത്തിൽ രേഖപ്പെടുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ തന്നെ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക

അനുവദിച്ചിരിക്കുന്നത്.

ഏകദേശം 3.3 ലക്ഷം രൂപ മൂല്യം വരുന്ന പ്രവൃത്തി അളവു പുസ്തകത്തിൽ രേഖപ്പെടുത്താതിരുന്നതും നിർമ്മാണപ്രവർത്തികളും അറ്റകുറ്റപ്പണികളും മെഡിക്കൽ ഓഫീസറെ കൊണ്ട് നിർവ്വഹണം ചെയ്യിപ്പിച്ചതും ശരിയായ നടപടിയല്ല. നിർമ്മാണപ്രവർത്തികളും അറ്റകുറ്റപ്പണികളും എഞ്ചിനീയറിംഗ് വിഭാഗത്തെകൊണ്ട് നിർവ്വഹണം നടത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
പ്രവൃത്തിയുടെ അളവ് എം.ബുക്ക്-ൽ രേഖപ്പെടുത്തി മൂല്യം തിട്ടപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ചെലവു വിവരം:- ബിൽ നം.15/15-16/31.3.16, 331732/-രൂപ

## 3-8 ഇന്ധനം നിറച്ചത് പൂർണ്ണമായും ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല - അധിക തുക ചെലവഴിച്ചു

2014-15, 2015-16 വർഷങ്ങളിലെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ, ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-32 C 3333 നമ്പർ കാറിൽ ഇന്ധനം നിറച്ച ഇനത്തിൽ താഴെപ്പറയുന്ന ദിവസങ്ങളിൽ ഡീസൽ അടിച്ചതിന് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ലോഗ് ബുക്കിൽ പ്രസ്തുത ദിവസങ്ങളിൽ ഡീസൽ അടിച്ചതായി രേഖയില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| വൗച്ചർ നം., | ഡീസൽ അടിച്ച തീയതി | അളവ് | വില | ചെക്ക് നം,തീയതി | തുക |
|---|---|---|---|---|---|
| 64/14-15 | 22.11.14 | 20 | 1136 | 1502810/1.12.14 | 88162 |
| 12/15-16 | 7.05.15 | 15 | 1040.85 | 1502856/30.05.15 | 61941 |
| ആകെ നഷ്ടം | - | | 2176.85 | | |

2)തോംസൺ ഫ്യുവൽസിന്റെ 7.09.15ലെ ബിൽ നം. 9913പ്രകാരം 50 ലിറ്റർ ഡീസൽ അടിച്ചതായി രേഖപ്പെടുത്തി തുക നല്കിയിട്ടുണ്ട്. എന്നാൽ, ടി വാഹനത്തിന്റെ ടാങ്കിന് (കൈരളി - ഫോർഡ് ഫിയസ്റ്റ) 43 ലിറ്റർ ഡീസൽ നിറയ്ക്കുവാനുള്ള വ്യാപ്തം മാത്രമാണുള്ളത്(ചെക്ക് നം.,തീയതി - 2608952/13.10.15), തുക -45862/-). ടി വിവരങ്ങൾ ചൂണ്ടിക്കാണിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, മേൽ പട്ടിക പ്രകാരം, ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ഡീസലിന്റെ വിലയായ 2177/- രൂപ, അധികം അടിച്ച 7 ലിറ്റർ ഡീസലിന്റെ വിലയായ 334/- രൂപ എന്നിവ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. 2511/-രൂപയുടെ (2177+337) ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-9 സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി 5 ലക്ഷം രൂപയിൽ താഴെയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച്

സർക്കാർ ഉത്തരവ് (എം.എസ്) നം.362/2013/ത.സ്വ.ഭ.വ തീ.16.11.2013 ഖണ്ഡിക 11.13.XV.(ബി) പ്രകാരം 5 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പ്രോജക്ടുകളാണ് ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടത്.

എന്നാൽ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2014-15 സാമ്പത്തിക വർഷം നടപ്പാക്കിയ 40 പദ്ധതികളിൽ 8 പദ്ധതികളും 2015-16 സാമ്പത്തിക വർഷം നടപ്പാക്കിയ 51 പദ്ധതികളിൽ 29 പദ്ധതികളും 5 ലക്ഷം രൂപയിൽ താഴെ അടങ്കൽ ഉള്ളവ ആയിരുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 66/2014-15 | അരൂർ ഗ്രാമ പഞ്ചായത്തിൽ 6-ാം വാർഡിൽ ചേറ്റുതറ-കോതട്ട് റോഡ് മെറ്റലിംഗം ടാറിംഗം | 1,50,000/- | 1,37,212 |
| 2 | 79/2014-15 | ഉറവൂർ ആശുപത്രി ഫാർമസിയുടെ മുൻവശം വെയിറ്റിംഗ് ഏരിയ മെയിന്റനൻസ് | 2,40,000/- | 2,39,045/- |
| 3 | 40/2015-16 | എഴുപുന്ന ഗ്രാമ പഞ്ചായത്ത് വാർഡ് 8 കൊച്ചവേളി തെങ്ങുംതല റോഡ് മെറ്റലിംഗം | 1,18,337/- | 1,18,337/- |

| | | | | |
|---|---|---|---|---|
| | | ടാറിഗം | | |
| 4 | 124/2015-16 | വയലാർ വാർഡ് -1 മനയിൽ മിന്നിത്തറ റോഡ് മെറ്റലിംഗം ടാറിഗം പൂർത്തീകരണം. | 1,31,042/- | 1,31,042/ |

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 3-10 വയലാർ ഗ്രാമപഞ്ചായത്ത് വാർഡ് -8 ജോയ് ഭവൻ പൂുവൽ നികർത്ത് റോഡ് മെറ്റലിംഗം ടാറിംഗം - കരാറുകാരന് അധികം തുക നൽകി

പ്രോജക്ട് നമ്പർ – S0096/16

അളവു പുസ്തകം – 22/15-16

കരാറുകാരൻ - പ്രവീണ രതീഷ്

ടി പ്രവൃത്തിയിൽ സബ് ബേസ് നിർമ്മിച്ചിരിക്കുന്നതിന്റെ (ഇനം 5) അളവ് 27.022 $m^3$ ആണ്. 0.075 മീറ്റർ കനത്തിൽ നിർമ്മിച്ചിരിക്കുന്ന സബ് ബേസിന്റെ വിസ്തീർണ്ണം - 27.022/0.075 = 360.30 $m^2$ ആണ്.

360.30 $m^2$ വിസ്തീർണ്ണത്തിൽ സബ് ബേസ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റിന്റേയും സ്ക്രീനിംഗ് മെറ്റീരിയലിന്റേയും അളവ് ചുവടെ കൊടുക്കുന്നു.

63mm to 45mm സ്റ്റോൺ അഗ്രിഗേറ്റ് - 360.30 x 0.0935 = 33.69 $m^3$

11.2mm സ്ക്രീനിംഗ് മെറ്റീരിയൽ –360.30 x 0.021 = 7.57 $m^3$

മേൽ ഇനങ്ങൾക്ക് കരാറുകാരന് അനുവദിച്ച അളവിന്റെയും തുകയുടേയും വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | കരാറുകാരന് അനുവദിച്ച അളവും നിരക്കും | അനുവദനീയമായ അളവ് | അധികം നൽകിയ തുക |
|---|---|---|---|
| 63mm to 45mm സ്റ്റോൺ അഗ്രിഗേറ്റ് | $35.50m^3$@1964.45/$m^3$ = 69738 | $33.69m^3$@1964.45 = 66182 | 3356 |
| 11.2mm സ്ക്രീനിംഗ് മെറ്റീരിയൽ | $8m^3$@2143.40/$m^3$= 17147 | 7.57 $m^3$@2143.4/$m^3$ =16226 | 922 |
| ആകെ | | | 4278 |

അധികം നൽകിയത് - 4278 – 116 (2.7% ടെണ്ടർ വ്യതിയാനം ) = 4162/-

ടി തുക ഫൈനൽ ബിൽ നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ചെലവു വിവരം – ബിൽ നം. 41/15-16 തീയതി 31.3.16, 486012/-രൂപ

## 3-11 വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങൽ– മരുന്നുകൾ പൂർണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ, CHC ഉറവൂർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് താഴെപ്പറയും വിധം തുക നൽകിയിട്ടുണ്ട്. എന്നാൽ നൽകിയ തുകയ്ക്കുള്ള മരുന്നുകൾ നാളിതുവരെ പൂർണമായും ലഭിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | നൽകിയ തുക | ചെലവു വിവരം | ലഭിച്ച മരുന്നിന്റെ വില | ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | പഞ്ചായത്തു തല കാൻസർ ഗ്രൂപ്പിന് കാൻസർ രോഗത്തിനുള്ള മരുന്നു വാങ്ങി നൽകൽ (S0013/15) | 500000 | 13/14-15 തീയതി 19-03-15 | 376221 | 123779 |
| 2 | ഉറവൂർ CHC, വെട്ടക്കൽ PHC, എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്നുവാങ്ങൽ (S0019/15) | 500000 | 1/14-15 തീയതി 14-10-14<br>12/14-15 തീയതി 05-03-15 | 494807 | 5193 |
| 3 | ഉറവൂർ CHC, വെട്ടക്കൽ PHC, എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്നു വാങ്ങൽ (S004/16) | 1000000 | 05/15-16 തീയതി 24-02-16<br>06/15-16 തീയതി 24-02-16 | ------- | 1000000 |
| 4 | ജീവിതശൈലി രോഗ നിർണ്ണയം, നിയന്ത്രണം സബ് സെന്റർ തലത്തിൽ (S0002/16) | 500000 | 03/15-16 തീയതി 24-02-16 | ------- | 500000 |
| | ആകെ | | | | 1628972 |

ടി തുകയ്ക്കുള്ള മരുന്നുകൾ ഉടൻ വിതരണം ചെയ്യുമെന്ന് KMSCL രേഖാമൂലം ഉറപ്പ് നൽകിയിട്ടുണ്ട് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്. മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലഭിക്കാനുള്ള മരുന്നുകളുടെ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 വിഭിന്നശേഷിയുള്ള പഠിതാക്കൾക്ക് സ്കോളർഷിപ്പ്- വിതരണ രേഖകളില്ല. തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണം:- ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ

പ്രോജക്ട് നമ്പർ :- എസ്.0027/15

പ്രോജക്ടിന്റെ പേര്:- വിഭിന്ന ശേഷിയുള്ള പഠിതാക്കൾക്ക് സ്കോളർഷിപ്പ്.

അടങ്കൽ :- വികസന ഫണ്ട് -1070000/- രൂപ

ചെലവ്:- 1070000/- രൂപ

ട്രഷറി ബിൽ നം. 1/2014-15 തീയതി 21.03.2015 – 1002100/- രൂപ

2/2014-15 തീയതി 21.03.2015 – 67900/- രൂപ

പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ 7 ഗ്രാമപഞ്ചായത്തുകളിലെ ഭിന്നശേഷിയുള്ള കുട്ടികൾക്ക് 2014-15 സാമ്പത്തിക വർഷം സ്കോളർഷിപ്പ് നല്കുന്നതിന് ബ്ലോക്ക് വിഹിതം അനുവദിക്കുന്നതിനായിട്ടാണ് ഈ പദ്ധതി

ആവിഷ്കരിച്ചത്. ഈ ആവശ്യത്തിലേക്കായി തൻവർഷം 1070000/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പഞ്ചായത്തുകൾ തുക കൈപ്പറ്റിയതിന്റെ രസീത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഗ്രാമ പഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | എഴുപുന്ന | 145015 |
| 2 | തുറവൂർ | 175700 |
| 3 | വയലാർ | 123000 |
| | ആകെ | 443715 |

കൂടാതെ തുക കൈപ്പറ്റിയ ഗ്രാമപഞ്ചായത്തുകളിൽ അരൂർ ഗ്രാമപഞ്ചായത്ത് മാത്രമാണ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളത്. രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.1 തീ.24.09.2016) നല്കിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ രേഖകളില്ലാതെ ചെലവഴിച്ച 443715/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 പട്ടണക്കാട് പഞ്ചായത്തിലെ 17,19 വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- പദ്ധതി പൂർത്തീകരിച്ചില്ല തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം:- സെക്രട്ടറി

പ്രോജക്റ്റ് നമ്പർ:-എസ്.0050/16

പ്രോജക്റ്റിന്റെ പേര്:- പട്ടണക്കാട് പഞ്ചായത്തിലെ 17,19 വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

അടങ്കൽ:- വികസന ഫണ്ട് - 10,00,000/- രൂപ

ചെലവ്:- 10,00,000/- രൂപ (ട്രഷറി ബിൽ നം.14/2015-16 തീയതി.16.01.2016)

പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ 17,19 വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടുന്നതിനായി 10,00,000/- രൂപ (പത്ത് ലക്ഷം രൂപ) ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി (നം.165525 തീ.19.01.2016)നല്കിയിട്ടുണ്ട്. എന്നാൽ ടി പദ്ധതി നാളിതുവരെയായും പൂർത്തീകരിച്ചിട്ടില്ല. ടി പദ്ധതി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. ചെലവു തുക (10,00,000/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.8 തീ.28.09.2016).

## 3-14 കേരളോത്സവം അടങ്കലിനേക്കാൾ കൂടിയ തുക ചെലവഴിച്ചു;പ്രൊക്യൂർമെന്റ് മാനുവലിലെ നിബന്ധനകൾ ലംഘിച്ചു

നിർവ്വഹണം:- സെക്രട്ടറി

പ്രോജക്റ്റ് നമ്പർ :- എസ്.0014/16

പ്രോജക്റ്റിന്റെ പേര്:- കേരളോത്സവം

അടങ്കൽ: വികസന ഫണ്ട് - 70,000/- രൂപ

മറ്റുള്ളവ - 30,000/- രൂപ

ചെലവ്:- 1,30,000/- രൂപ
വികസന ഫണ്ട് - 70,000/- രൂപ (ട്രഷറി ബിൽ നം.35/2015-16 തീ.29.03.2016)
തനത് ഫണ്ട് – 50,000/- രൂപ (ചെക്ക് നം.828950 തീ.11.12.2015)
10,000/- രൂപ (ചെക്ക് നം.828952 തീ.14.12.2015)

2015-16 വർഷത്തെ ബ്ലോക്ക് തല കേരളോത്സവവുമായി ബന്ധപ്പെട്ട് ഈ പദ്ധതി പ്രകാരം അടങ്കൽ നിർണയിച്ചിരുന്നത് 1,00,000/- രൂപയാണ്. എന്നാൽ 2015 ഡിസംബർ 12,13,14 തീയതികളിലായി നടന്ന കേരളോത്സവത്തിനായി ആകെ 1,30,000/- രൂപയുടെ ചെലവ് വന്നിട്ടുണ്ട്. അടങ്കൽ നിർണ്ണയിച്ചതിനേക്കാൾ കൂടിയ തുക പ്രോജക്ടിൽ ഉൾപ്പെടുത്താനുണ്ടായ കാരണം അന്വേഷിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ മാർച്ച് മാസം അവസാനം വികസന ഫണ്ട് ചെലവഴിക്കുന്നതിനു വേണ്ടി പ്രോജക്ട് റിവൈസ് ചെയ്യുന്ന തിരക്കിൽ യുവജനക്ഷേമ ബോർഡിൽ നിന്നും തന്ന അധികം തുക പ്രോജക്ടിൽ ഉൾപ്പെടുത്താൻ കഴിയാതെ വന്നതാണ് എന്ന് പറഞ്ഞിരിക്കുന്നു. പദ്ധതി അടങ്കലിൽ കൂടിയ തുക ചെലവഴിച്ച നടപടിക്ക് സാധൂകരണം തേടേണ്ടതാണ്.

ആകെ ചെലവഴിച്ച തുകയിൽ 60,000/- രൂപ 15.12.2015-ലെ 882443 നമ്പർ ചെക്ക് പ്രകാരം ജില്ലാ യുവജന ക്ഷേമ ബോർഡിൽ നിന്നും ലഭ്യമായിട്ടുണ്ട്. ടി തുക തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ബാക്കി 70,000/- രൂപ മേൽ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും ആണ് ചെലവഴിച്ചിരിക്കുന്നത്. വികസന ഫണ്ടിൽ നിന്നുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | സ്ഥാപനത്തിന്റെ പേര്<br>ബിൽ നം. തീയതി | തുക |
|---|---|---|---|
| 1 | ഭക്ഷണം | കലവറ വനിതാ കാന്റീൻ<br>404 തീ.16.12.2015 | 9400/- |
| 2 | മത്സരാർത്ഥികൾക്കുള്ള യാത്രാക്കൂലി | -- | 16150/- |
| 3 | സ്പോർട്സ് ഐറ്റംസ് | സിറ്റി സ്പോർട്സ്,ചേർത്തല<br>1303 തീയതി രേഖപ്പെടുത്തിയിട്ടില്ല | 10465/- |
| 4 | സ്പോർട്സ് ഐറ്റംസ് | സിറ്റി സ്പോർട്സ്,ചേർത്തല<br>1304 തീയതി രേഖപ്പെടുത്തിയിട്ടില്ല | 2550/- |
| 5 | മെമൊന്റൊ | സിറ്റി സ്പോർട്സ്,ചേർത്തല<br>1305 തീയതി രേഖപ്പെടുത്തിയിട്ടില്ല | 19000/- |
| 6 | സ്റ്റേജ്,കസേര- വാടക | എ.കെ.റ്റി ടാക്സി ഹൗസ്, പൊന്നാംവെളി 434 തീയതി രേഖപ്പെടുത്തിയിട്ടില്ല | 8400/- |
| 7 | ഫ്ലക്സ് പ്രിന്റിംഗ് | എക്സലന്റ് ഫ്ലക്സ് പ്രിന്റിംഗ്<br>1227 തീയതി 11.12.2015 | 3960/- |
| 8 | ഫസ്റ്റ് എയ്ഡ് | ലക്ഷ്മി മെഡിക്കൽസ്<br>തീയതി 12.12.2015 | 75/- |
| | ആകെ | | 70000/- |

ജി.ഒ(പി)259/2010/ത.സ്വ.ഭ.വ തീ.08.11.2010 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനായുള്ള മാർഗ്ഗരേഖ (പ്രൊക്യൂർമെന്റ് മാനവൽ) ഖണ്ഡിക 3.2പ്രകാരം 5000/- രൂപ മുതൽ 50000/- രൂപയ്ക്ക് താഴെ വരെ മൂല്യം വരുന്ന സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടത് ലോക്കൽ ഷോപ്പിംഗിലൂടെയാണെന്ന് പറഞ്ഞിരിക്കുന്നു. ലോക്കൽ ഷോപ്പിംഗ് നടത്തുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച ഉത്തരവിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| Contracts estimated to cost more than INR 5000 and less than INR 50000<br><br>(Rs.25,000 for GPs) | **Local Shopping** | A minimum of 3 Quotations may be obtained/received, from known sources of supply.<br><br>Request for quotations may be posted in the notice board of the local govt. and its website and issued to all suppliers who are enlisted for supply or from database published by Manufacturers Associations, Yellow Pages, Industry Journals, other departments, etc. (There will be no sale of Tender Documents, as suppliers/contractors are identified and approach by the LSG)<br><br>7 Days time shall be given for submission of quotations<br><br>Quotations shall be received in writing as per format<br><br>Quotations shall be opened publicly in the presence of bidders representatives **and a member of the LSG Social Audit Committee**<br><br>A purchase order shall be issued with details of items to be supplied, price, delivery, warranty and other essential terms and conditions and where advance payment is insisted on, the purchasing officer shall obtain beforehand a written undertaking from the selected firm/contractor to the effect that they shall supply in a timely manner and satisfactory condition<br><br>Contract award information shall be displayed in the notice board for 7 days |

മേൽപ്പറഞ്ഞിരിക്കുന്ന ചെലവുകളിൽ ക്രമ നം.1,3,4,5,6 (ക്രമ നം. 3,4,5 എന്നിവയിൽ പറഞ്ഞിരിക്കുന്ന ചെലവുകൾ ഒരു സ്ഥാപനത്തിൽ നിന്നും ഒരേ ദിവസം തന്നെയുള്ളവയാണ്) എന്നിവ പ്രൊക്യൂർമെന്റ് മാനവൽ ഖണ്ഡിക 3.2 അനുശാസിക്കും പ്രകാരം ലോക്കൽ ഷോപ്പിംഗിലൂടെയായിരുന്നു സമാഹരിക്കേണ്ടിയിരുന്നത്. എന്നാൽ ടി ചെലവുകൾ മത്സര സ്വഭാവമുള്ള ക്വൊട്ടേഷനുകളൊന്നും ക്ഷണിക്കാതെ നേരിട്ട് സമാഹരിക്കുകയാണുണ്ടായത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതു കൊണ്ടാണ് സ്പോർട്സ് ഉപകരണങ്ങൾ ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങിയതെന്ന് പറയുന്നു. സ്റ്റേജ് പഞ്ചായത്തിന്റെ 3 സ്ഥലങ്ങളിൽ ഇട്ടതിനാലാണ് ക്വട്ടേഷൻ ക്ഷണിക്കാതിരുന്നതെന്നും പറഞ്ഞിരിക്കുന്നു. ഈ മറുപടികൾ പരിഗണനീയമല്ല. പ്രൊക്യൂർമെന്റ് മാനവലിലെ നിബന്ധനകൾ പാലിക്കാതെ ചെലവുകൾ നടത്തുന്നത് പൊതുപണത്തിന്റെ ദുർവിനിയോഗമായി കണക്കാക്കപ്പെടുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 ഉറവൂർ ഗ്രാമപഞ്ചായത്ത് വാർഡ്-2 ൽ അറക്കൽ കലുങ്ക് നിർമ്മാണം - കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല

അറക്കൽ തോടിനു കുറുകെ കലുങ്ക് നിർമ്മിക്കുന്നതിനും സംരക്ഷണഭിത്തി കെട്ടുന്നതിനുമുള്ള പ്രോജക്ടാണിത്. പ്രസ്തുത പ്രവർത്തിയിൽ ഇനം (3), ഇനം(15) പ്രകാരം യഥാക്രമം 16.092 $m^3$ ഉം 42.569$m^3$ ഉം ഉൾപ്പെടെ 58.661$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഇതേ പ്രവർത്തിയുടെ 14-ാം ഇനമായി എർത്ത് ഫില്ലിംഗിന് 45$m^3$ മണ്ണ് ഉപയോഗിച്ചതിന് 1024.25/$m^3$ നിരക്കിൽ 46091/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. സൈറ്റിൽ 58.661$m^3$ മണ്ണ് ലഭ്യമായിരിക്കെ ആയത് വിനിയോഗിക്കാതെ ഫില്ലിംഗിന് തുക അനുവദിച്ചിരിക്കുന്നു. കുഴിച്ചെടുത്ത മണ്ണ് വിനിയോഗപ്രദമല്ലായിരുന്നുവെന്ന സാക്ഷ്യപത്രം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ഫില്ലിംഗിന് അനുവദിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ടി തുക ഫൈനൽ ബിൽ നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

പ്രോജക്ട് നം- (S0062/16)

അളവു പുസ്തകം - 18/15-16

ചെലവു വിവരം - ബിൽ നം. 34/15-16 തീയതി 30-03-16 രൂപ 1089092/-

കരാറുകാരൻ - അഗസ്റ്റ്യൻ ഡിക്സൺ

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന - അപാകതകൾ

2014-15

1. ആസ്തികൾ രേഖപ്പെടുത്തുന്നതിനുള്ള സോഫ്റ്റ് വെയറായ സചിത്ര സോഫ്റ്റ് വെയറുമായി സാംഖ്യ സോഫ്റ്റ് വെയർ ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ 2012-13 ന് മുമ്പുള്ള വർഷങ്ങളിൽ ആർജ്ജിച്ച ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.
2. സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ ഡിപ്രീസിയേഷൻ മാത്രമാണ് ബാലൻസ് ഷീറ്റിൽ

കാണിച്ചിരിക്കുന്നത്.

2015-16

1. ആസ്തികൾ രേഖപ്പെടുത്തുന്നതിനുള്ള സോഫ്റ്റ് വെയറായ സചിത്ര സോഫ്റ്റ് വെയറുമായി സാംഖ്യ സോഫ്റ്റ് വെയർ ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ 2012-13 ന് മുമ്പുള്ള വർഷങ്ങളിൽ ആർജ്ജിച്ച ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.
2. സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ ഡിപ്രീസിയേഷൻ മാത്രമാണ് ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്നത്.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2014-15 | 12798506 | ഹൗസിംഗ് | - | - |
| ജില്ലാ പഞ്ചായത്ത് | 2014-15 | 10661030 | “ | - | - |
| ഗ്രാമ പഞ്ചായത്ത് | 2015-16 | 9617000 | ഹൗസിംഗ് | - | - |
| ജില്ലാ പഞ്ചായത്ത് | 2015-16 | 9536000 | “ | - | - |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2014-15

--ഇല്ല--

2015-16

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പട്ടണക്കാട് 17,19 വാർഡു കളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം.14/15-16 തീയതി 16.1.2016 | 1000000 | ഇല്ല | 10,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം |
|---|---|---|---|---|---|

| | | | തുക | മുതൽ | പലിശ | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി (2014-15) | സ.ഉ.എം.എസ് നം.310/2008 തസ്വഭവ തീയതി. 22.11.08 | 12281000 | 7368685 | 1228100 | 235192 | 6140585 |
| ഇ.എം.എസ് ഭവന പദ്ധതി (2015-16) | | 12281000 | 6140585 | 1228100 | 1050792 | 4912485 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | IV(21) | 2000-01 | 21 | കന്നുകാലി ഗർഭ സംരക്ഷണ പദ്ധതിയിൽ അധിക ചെലവ് 28,205/- രൂപ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ | നിർവഹണ ഉദ്യോഗസ്ഥ തുക തിരിച്ചടച്ചിട്ടില്ല. ടി വിഷയം സംബന്ധിച്ച് ചേർത്തല മുൻസിഫ് കോടതിയിൽ O S No.504/15-ാം നമ്പരായി ടിയാൾ കേസ് ഫയൽ ചെയ്തു. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 135233976 (2014-15)<br>141778821 (2015-16) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 136410560 (2014-15)<br>146282157 (2015-16) |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 97088 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3567318 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | | 44324 | തോമസ് ഡിക്രൂസ്, അസിസ്റ്റന്റ് എഞ്ചിനീയർ<br>കെ. ദിനേശൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-8 | | 2511 | 2177-പി.ആർ വിജയകുമാർ, സെക്രട്ടറി<br>334.രാജൻ നായർ. എം.പി, സെക്രട്ടറി |
| 3-10 | | 4162 | M.T ശിവൻകുട്ടി , അസി. എക്സി. എഞ്ചിനീയർ |
| 3-15 | | 46091 | ,, |
| ആകെ | | 97088 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 67500 | ശ്രീമതി.എൻ.ജയശ്രീ, സി.ഡി.പി.ഒ |
| 3-3 | 95399 | തോമസ് ഡിക്രൂസ്, അസിസ്റ്റന്റ് എഞ്ചിനീയർ, കെ. ദിനേശൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-7 | 331732 | ഡോ.റൂബി.ആർ, മെഡിക്കൽ ഓഫീസർ |
| 3-11 | 1628972 | „ |
| 3-12 | 443715 | ശ്രീമതി.എൻ.ജയശ്രീ, സി.ഡി.പി.ഒ |
| 3-13 | 1000000 | ശ്രീ.രാജൻ നായർ .എം.പി, സെക്രട്ടറി |
| ആകെ | 3567318 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.ദിനേശൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | വിരമിച്ചു | ദിവ്യഗൃഹം, വാരനാട് പി.ഒ, ചേർത്തല |
| തോമസ് ഡിക്രൂസ്, അസിസ്റ്റന്റ് എഞ്ചിനീയർ | പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | കല്ലുവീട്, വയലാർ പി.ഒ, ചേർത്തല |
| എം. ടി ശിവൻകുട്ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | -- | എടക്കള്ളിക്കാട്ട്, എസ്. എൽ. പുരം പി.ഒ, ചേർത്തല |
| പി.ആർ വിജയകുമാർ, സെക്രട്ടറി | -- | പത്മപുരത്ത് ഹൗസ്, വളമംഗലം നോർത്ത് |
| രാജൻ നായർ.എം.പി, സെക്രട്ടറി | -- | ശിവശ്രീ, മനോരമ ജംഗ്ഷൻ, ചേർത്തല |
| എൻ. ജയശ്രീ, സി.ഡി.പി.ഒ | ഐ.സി.ഡി.എസ്. ഓഫീസ്, പട്ടണക്കാട്, തുറവൂർ പി.ഒ | നെൽപ്പുരവെളി, പൊള്ളെത്തൈ പി.ഒ, ആലപ്പുഴ |
| ഡോ.റൂബി.ആർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, തുറവൂർ | കൃഷ്ണഗായത്രി, സി.എം.സി -28/588 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | എൽ.എഫ്.ജി.എ5 -ബി.പി.അദാലത്ത്/26(51/14,തീയതി,18.03.2014 |
| 2002-2003 | എൽ.എഫ്.ജി.എ5 -ബി.പി.അദാലത്ത്/26(51)/14,തീയതി,21.03.2014 |
| 2003-2004 | എൽ.എഫ്.ജി.എ5 -ബി.പി.അദാലത്ത്/26(51)/14,തീയതി,21.03.2014 |
| 2005-2006 | എൽ.എഫ്.ജി.എ5 -ബി.പി.അദാലത്ത്/26(51)/14,തീയതി,21.03.2014 |
| 2006-2007 | എൽ.എഫ്.ജി.എ5 -ബി.പി.അദാലത്ത്/26(51)/14,തീയതി,21.03.2014 |
| 2010-2011,2011-2012 | എൽ.എഫ്.എ.ബി.പി-533/13/19,10.13 |
| 2012-2013 | എൽ.എഫ്.എ.ബി.പി-246/15/4.03.15/9.04.15 |
| 2013-2014 | കെ.എസ്.എ-എ.പി.ഇസഡ്/1030/2015 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്.

നം. കെ.എസ്.എ-എ.എൽ.പി/ബിപി.1167/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി:26.12.2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഭാഗം.4 ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ.

No. KSA-ALP/BP.1167/2016

Kerala State Audit Department,
District Audit Office, Alappuzha.
Date:26.12.2016

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Pattanakkad Block Panchayat in Alappuzha District for the year ended on 31.03.2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Pattanakkad Block Panchayat for the year 2014-15 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Senior Deputy Director
Kerala State Audit Department
Alappuzha.

നം. കെ.എസ്.എ-എ.എൽ.പി/ബിപി.1167/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 26.12.2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

No. KSA-ALP/BP.1167/2016

Kerala State Audit Department,
District Audit Office, Alappuzha.
Date:26.12.2016

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Pattanakkad Block Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Pattanakkad Block Panchayat for the year 2015-16 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Senior Deputy Director
Kerala State Audit Department
Alappuzha.